LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപക ബാങ്ക്

68 (1104) ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക ബാങ്ക് രൂപീകരണവും തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട് 2014-15 വർഷത്തിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ബി) മാനദണ്ഡ പ്രകാരം എത്ര അദ്ധ്യാപകരെ ബാങ്കിലേയ്ക്ക് മാറ്റേണ്ടി വരുമെന്നതിന്റെ കണക്കും മുൻ വർഷങ്ങളിലെ എത്ര അദ്ധ്യാപകർ ബാങ്കിൽ ശേഷിക്കുന്നുണ്ട് എന്നതിന്റെ കണക്കും വെളിപ്പെടുത്തുമോ ;

(സി) ബാങ്കിൽ ഉൾപ്പെടുത്തുന്ന അദ്ധ്യാപകരുടെ വിന്യാസം സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15-ലെ തസ്തികനിർണ്ണയവും അദ്ധ്യാപകരുടെ പുനർവിന്യാസവും സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുന്ന 23-12-2004-ലെ സ.ഉ.(പി) 278/14/പൊ.വി.വ.-യുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ജി.ഒ.(പി) 278/14/പൊ.വി.വ. ഉത്തരവുപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമുമ്പ് തന്നെ 15-1-2015-ന് WP(c) 30107/13 നമ്പർ കേസിലെ ഹൈക്കോടതി വിധിയിലൂടെ അദ്ധ്യാപക പാക്കേജും ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിരിക്കുകയാണ്. അതിനാൽ മേൽ മാനദണ്ഡങ്ങൾക്കനുസരിച്ച് ബാങ്കിലേയ്ക്ക് ഉൾപ്പെടുത്തുന്നവരുടെ കണക്കുകളും മറ്റ് വിശദാംശങ്ങളും നിലവിൽ ലഭ്യമല്ല

ഏകാദ്ധ്യാപക വിദ്യാ വോളന്റിയർമാരുടെ വേതന വർദ്ധനവ്

69 (1105) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ വിദ്യാ വോളന്റിയർമാരായി ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വർദ്ധിപ്പിച്ച തുക ഇപ്പോൾ നൽകുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) കടിശ്ശിക ഇനത്തിൽ എത്ര തുക നൽകാനുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) 8-10-2004-ലെ സ.ഉ.(എംഎസ്.) നമ്പർ207/2004 പൊ.വി.വ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഓണറേറിയം 1-9-2014 മുതൽ 3,000 രൂപയിൽ നിന്നും 5,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ച തുക ഇപ്പോൾ നൽകുന്നുണ്ട്.

(സി) യാതൊരു കടിശ്ശികയും നിലവിലില്ല.

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ - കാസർഗോഡ് ജില്ലയിലെ സ്കൂളുകൾ

70 (1106) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട് ;

(ബി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അഡീഷണൽ തസ്തികകൾ അനുവദിക്കാത്തത് കാരണം കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്കൂളുകൾ തുടങ്ങി വർഷങ്ങളായിട്ടും ഇത്തരം സ്കൂളുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) 17 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly